# കേരളസർവകലാശാല

നം.പി.ആർ.86/2021

# പത്രക്കുറിപ്പ്

## പരീക്ഷാസമയം

കേരളസർവകലാശാല ഏപ്രിലിൽ നടത്തുന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി. എ. ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133) പരീക്ഷയുടെ സമയം ഉച്ചയ്ക്ക് 1:30 മുതൽ 4:30 വരേയും, വെള്ളിയാഴ്ചകളിൽ 2 മണി മുതൽ 5 മണി വരെയുമായിരിക്കും.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല ഏപ്രിൽ 19 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്.സി. മാത്തമാറ്റിക്സ് പരീക്ഷയ്ക്ക് യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികൾ (റെഗുലർ, സപ്ലിമെന്ററി) ഹാൾടിക്കറ്റ് യൂണിവേഴ്സിറ്റി കോളേജിൽ നിന്നും കൈപ്പറ്റി തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല മെയിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (ദ്വിവത്സര കോഴ്സ്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ഏപ്രിൽ 26 മുതൽ ആരംഭിക്കുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ഏപ്രിൽ 21 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. സ്പെഷ്യൽ പരീക്ഷ, ഏപ്രിൽ 2020 ന്റെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല മെയിൽ നടത്തുന്ന നാലാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (2019 അഡ്മിഷൻ – റെഗുലർ/2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്/2016-2017 അഡ്മിഷൻ – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ഏപ്രിൽ 22 വരെയും 150 രൂപ പിഴയോടെ ഏപ്രിൽ 26 വരെയും 400 രൂപ പിഴയോടെ ഏപ്രിൽ 28 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# പരീക്ഷാഫലം

കേരളസർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം വർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 15 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
17.04.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**